തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച് കഴിഞ്ഞു. റ്റി.ആർ.ഡി.എം.-ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വകുപ്പ് ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ മേഖലകളായി പ്രഖ്യാപിക്കുന്ന (പെസ) നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ റിപ്പോർട്ട് 7-4-2015-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. ഇത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് പരമ്പരാഗത കൃഷിരീതി നടപ്പിലാക്കുന്നതിന് വകുപ്പ് 18 ലക്ഷം രൂപ കുടുംബശ്രീയ്ക്ക് നൽകി. ഇതിനാവശ്യമായ വിത്ത് ഇനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുത്തങ്ങ സമരത്തിൽ കുടിയിറക്കപ്പെട്ട 447 ആദിവാസി കുടുംബങ്ങൾക്ക് പുനരധിവാസത്തിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. സമരത്തിൽ അറസ്റ്റ് ചെയ്യപ്പെട്ട 44 കുട്ടികളിൽ അർഹരായ 43 കുട്ടികൾക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ച് അവരുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ആദിവാസികളുടെ പുനരധിവാസ പദ്ധതിക്കായി അനുവദിച്ച 50 കോടി രൂപയിൽ 3 ഗുണഭോക്താക്കൾക്ക് ഒരേക്കർ വീതം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ ഇതിന്റെ ഭാഗമായി 107.6 ഏക്കർ ഭൂമി കണ്ടെത്തി നെഗോസ്യേഷൻ നടത്തി 96 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ആറളം ഫാമിലെ പൈനാപ്പിൾ കൃഷിയുടെ പാട്ടക്കാലാവധി പുതുക്കി നൽകേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. വനാവകാശ നിയമ പ്രകാരമുള്ള കൈവശരേഖകൾ നൽകുന്ന നടപടി പൂർത്തീകരണഘട്ടത്തിലാണ്.

(സി) നൽകിയ വാഗ്ദാനങ്ങൾ വിവിധ ഘട്ടങ്ങളായി നടപ്പാക്കി വരുന്നു.

## വനാവകാശ നിയമമനുസരിച്ച് ആദിവാസികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ

232(2436) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമമനുസരിച്ച് ആദിവാസികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ ആയവ ലഭിച്ചിട്ടില്ലാത്ത ആദിവാസികൾക്ക് അവ പൂർണ്ണമായി നൽകുന്നതിന് സാധ്യമായിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. തലമുറകളായി വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി സമൂഹങ്ങൾക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും വനഭൂമിയിലും വന വിഭവങ്ങൾക്കുമേലുള്ള അവരുടെ അവകാശങ്ങൾ നേടി കൊടുക്കുക എന്നതാണ് 6-9-2012-ൽ കേന്ദ്ര ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള വനാവകാശ നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ഈ നിയമപ്രകാരം ചുവടെ പറയുന്ന അവകാശങ്ങൾ ആദിവാസികൾക്ക് ലഭിക്കുന്നതാണ്.

1. <u>വ്യക്തിഗത അവകാശം</u>

   ഓരോ കുടുംബവും സ്വന്തം അവകാശങ്ങൾക്കായി അനുവർത്തിച്ചു പോരുന്ന വന ഭൂമി 2005 ഡിസംബർ 13-ന് ഏതാണോ അതിന്/കുടുംബത്തിന്റെ/സമൂഹത്തിന്റെ പേരിൽ അവകാശം ലഭിക്കും.

2. <u>പൊതു അവകാശം</u>

   പരമ്പരാഗതമായി അനുവർത്തിച്ചുപോരുന്ന ഏതുതരം സമൂഹ അവകാശങ്ങളും (വന്യമൃഗങ്ങളെ വേട്ടയാടൽ, തടി മുറിക്കൽ എന്നിവ ഒഴികെ) ചെറുകിട വന വിഭവങ്ങൾ ശേഖരിക്കൽ, മത്സ്യം പിടിക്കൽ, കന്നുകാലി മേയ്ക്കൽ എന്നിവ ഈ നിയമ പ്രകാരം വനവാസികൾക്ക് ലഭ്യമാകും.

3. <u>വികസന അവകാശം</u>

   വിദ്യാലയങ്ങൾ, ആശുപത്രികൾ, റോഡ്, അംഗൻവാടി, ന്യായവിലഷോപ്പ് മുതലായ പൊതു ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി/ഒരു ഹെക്ടർ വരെ വനഭൂമി പ്രസ്തുത ആവശ്യങ്ങൾക്കായി പരമാവധി ഒരു ഹെക്ടർവരെ വനഭൂമി 75 മരങ്ങൾവരെ പരമാവധി മുറിക്കുന്നതിനും വിട്ടു നൽകുന്നതിനും.

(ബി&സി) വനാവകാശ നിയമപ്രകാരം 31-10-2015 വരെ വ്യക്തിഗത അവകാശംവഴി 24898 പേർക്ക് 33073 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. വിശദമായ പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.* വനാവകാശ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലാത്ത ആദിവാസികൾക്ക് ആയത് 2015 ഡിസംബർ 31-നകം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.